ഉത്തരം

(എ) ഉണ്ട്.

(ബി) 4-3-2011-ന് പ്രസ്തുത പാറക്കടവ് പാലത്തിന്റെ പണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം 4-1-2013 -ന് മാത്രമാണ് റവന്യൂ അധികാരികളിൽനിന്നും പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരുന്ന കരാറുകാരന്റെ ആവശ്യപ്രകാരം 15-11-2012-ന് ടിയാന്റെ കരാർ അവസാനിപ്പിച്ചിരുന്നു.

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

പാലക്കാട് - ഷൊർണ്ണൂർ കെ.എസ്.റ്റി.പി.റോഡ്

287 (1321) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-ഷൊർണ്ണൂർ കെ.എസ്.റ്റി.പി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തീകരിച്ചത് ; എത്ര തുക ചെലവഴിച്ചു ; റോഡിന്റെ ഉണനിലവാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റോഡിൽ ഒറ്റപ്പാലം ടൗണിനോട് ചേർന്നുകിടക്കുന്ന ഒറ്റപ്പാലം പാലത്തിന്റെയും കുന്നിയംപുറം തോട്ടുപാലത്തിന്റെയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലങ്ങളുടെ വീതിക്കുട്ടി പുനർനിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; അതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാലക്കാട്-ഷൊർണ്ണൂർ കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.റ്റി.പി) റോഡിന്റെ നിർമ്മാണ പ്രവൃത്തി 28-2-2012-ലാണ് പൂർത്തീകരിച്ചത്. പാലക്കാട് - ഷൊർണ്ണൂർ റോഡിനും പുണ്ടൽ-കുറ്റിപ്പുറം റോഡിനുംകൂടി ആകെ 175.69 കോടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൃപയാണ് ചിലവഴിച്ചത്. MORTH (Ministry of Road Transport and Highways), IRC (Indian Road Congress) specification പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലാണ് ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. GSB (Granular Sub Base), WMM (Wet Mix Mecadam), DBM (Dense Bitumen Mecadam), BC (Bitumen Concrete) എന്നിവ ചെയ്ത് എല്ലാ റോഡുസുരക്ഷാ ക്രമീകരണങ്ങളും ആവശ്യമായ സൈനേജുകളും പൂർത്തിയാക്കിയാണ് റോഡ് നിർമ്മാണം നടത്തിയത്.

(ബി-ഡി) പാലക്കാട് - ഷൊർണ്ണൂർ റോഡിൽ ഒറ്റപ്പാലം ഠൗണിനോട് ചേർന്നു കിടക്കുന്ന ഒറ്റപ്പാലം പാലത്തിനും കണ്ണിയാംപുറം തോട്ടുപാലത്തിനും വീതി കുറവായതിനാൽ ചെറിയ തോതിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പാലം പുനർനിർമ്മിക്കുന്ന കാര്യം (കെ.എസ്.റ്റി.പി. മുഖേന) പരിഗണനയിലാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലോകബാങ്കിന്റെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. ടി അനുമതി ലഭ്യമായാൽ മാത്രമേ പണി ഇടങ്ങുവാൻ സാധിക്കുകയുള്ളൂ.

നരിക്കുനി ബൈപ്പാസ് നിർമ്മാണം

288 (1322) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ് ;

(സി) നരിക്കുനി സർക്കുലർ റോഡ് നിർമ്മിക്കുന്നതിന് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ (സാധാ) 1045/2009/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം 950 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

(സി) നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.